## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി - ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - മത്സ്യബന്ധനത്തിനുള്ള വല - എല്ലാ വിഭാഗങ്ങൾക്കും അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(സാധാ)നം. 1029/2015/തസ്വഭവ. തിരുവനന്തപുരം, തീയതി, 31.03..2015.

---

പരാമർശം:-1) സ.ഉ(എം.എസ്)നം.362/13/തസ്വഭവ തീയതി 16.11.2013.
2) 25.03.2015 ന് ചേർന്ന സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.21 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം മത്സ്യബന്ധനത്തിനുള്ള വല വിതരണത്തിനുള്ള സബ്സിഡി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായി നിജപ്പെടുത്തിയിരുന്നു.

ടി സബ്സിഡി ആനുകൂല്യം എല്ലാ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ഉത്തരവിലെ സബ്സിഡി മാനദണ്ഡങ്ങൾ ഖണ്ഡിക 3, 4(ബി) (8) കോളം 5-ൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം എന്നീ വാക്കുകൾ ഒഴിവാക്കുന്നു.

മേൽ പ്രകാരം പരാമർശം (1) ഉത്തരവ് പരിഷ്ക്കരിച്ച് നിലനിർത്തുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**കെ.എസ്.ശോഭന**
ഗവ.ജോയിന്റ് സെക്രട്ടറി

1) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3) ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
4) എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
5) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
6) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
7) ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
8) മത്സ്യബന്ധന തുറമുഖ വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.